ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്കുകളിൽ താമസിച്ചുവരുന്ന കുടുംബങ്ങളുടെ എണ്ണം ഔദ്യോഗികമായി കണക്കാക്കിയിട്ടില്ല.

(ബി) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ ഭാഗമായി റോഡ്-തോട് പുറമ്പോക്കുസ്ഥലങ്ങളിൽ വസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി പഞ്ചായത്തുതോറും ഹൗസിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരം 1996-97-നോടുകൂടി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാനും ഇത്തരം കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ ലക്ഷ്യം പൂർണ്ണമായി സാധിക്കുന്നതിനുവേണ്ടി ചില സ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്.

(ഡി) 1996 ജനുവരിമാസംവരെ 3312 വീടുകൾ വിവിധ ഹൗസിംഗ് കോംപ്ലക്സുകളിലായി നിർമ്മിച്ചിട്ടുണ്ട്. ഇത്രയും കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവരുന്നു.

പുറമ്പോക്ക് ഭൂമി പതിച്ചുകിട്ടിയവരുടെ ലിസ്റ്റ്

14 [1569] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറമ്പോക്കു ഭൂമി പതിച്ചു കിട്ടുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്രയെണ്ണത്തിൽ തീർപ്പു കൽപ്പിച്ചു;

(സി) പുറമ്പോക്കുഭൂമി പതിച്ചുകിട്ടിയവരുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ, ബി) 31-12-1995-വരെ 1,470,079 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 1,417,662 അപേക്ഷകളും തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(സി) അഞ്ചുലക്ഷത്തിമുപ്പത്തിമൂന്നായിരത്തിൽപ്പരം ആളുകൾക്ക് ഇതിനകം പട്ടയം ലഭിച്ചിട്ടുണ്ട്. ഇത്രയും പേരുടെ വിവരങ്ങൾ ലഭ്യമല്ല.

1991-ന് ശേഷം സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതി

15 [1570] ശ്രീ. വി. ജെ. തങ്കപ്പൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, ഇ. പി. ജയരാജൻ:
,, ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-നുശേഷം കാലവർഷക്കെടുതിമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ കാലവർഷക്കെടുതിമൂലം എത്രപേർ മരണമടഞ്ഞിട്ടുണ്ട്;

(സി) കാലവർഷക്കെടുതികൊണ്ടിരയായവർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തത് കൊടുത്തിട്ടുള്ളത്; ഇതിനായി എന്തു തുക ചെലവഴിച്ചു;

(ഡി) പ്രകൃതിക്ഷോഭത്തിനിരയായവരെ സഹായിക്കുന്നതിനായി കേന്ദ്രത്തിൽനിന്നും എന്തു തുകയുടെ ധനസഹായമാണ് ലഭിച്ചിട്ടുള്ളത്;

(ഇ) ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചിരുന്നോ;

(എഫ്) എന്ത് തുകയുടെ ധനസഹായമാണ് സംസ്ഥാനം ആവശ്യപ്പെട്ടത്; ഇതിൽ എന്തുതുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2346.683 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വെള്ളപ്പൊക്ക ബാധിതപ്രദേശങ്ങളിലെ ആളുകളെ റിലീഫ് ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിച്ചു. ഈ ക്യാമ്പുകളിൽ ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവ ലഭ്യമാക്കി. ദുരിതബാധിതർക്ക് സൗജന്യറേഷൻ നൽകി. വീട് നഷ്ടപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിന് ധനസഹായം നൽകി. പ്രകൃതിക്ഷോഭത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ചു. ഉരുൾപൊട്ടൽ, കടലാക്രമണം എന്നിവമൂലം ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി നൽകി. വെള്ളപ്പൊക്കംമൂലം തകർന്ന പാലങ്ങളും, റോഡുകളും, സർക്കാർ കെട്ടിടങ്ങളും എന്നിവ പുനരുദ്ധരിച്ചു. ഇതിനായി ഇതുവരെ 226.140 കോടി രൂപ ചെലവഴിച്ചു.

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി ഒൻപതാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം ഓരോ സംസ്ഥാനത്തിനും പ്രത്യേകമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധി 1990-91 മുതൽ അഞ്ചു വർഷത്തേക്ക് നിലവിൽവന്നു. ഇതിൻപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷകേന്ദ്ര വിഹിതമായ 23.25 കോടി രൂപാവീതം ഓരോ വർഷവും ലഭിച്ചു. പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 1995-96-ലേക്കുള്ള കേന്ദ്ര വിഹിതം 39.22 കോടി രൂപയാണ്. ഈ തുകയും ലഭിച്ചിട്ടുണ്ട്.

(ഇ) 1991-ലും, 1992-ലും 1996-ലും നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേന്ദ്രസഹായം ആവശ്യപ്പെട്ടതിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രകൃതിക്ഷോഭം	കേന്ദ്രസഹായം ആവശ്യപ്പെട്ടത് (തുക കോടിയിൽ)
1991–വെള്ളപ്പൊക്കം	285·00
1992–വരൾച്ച	138·47
1992–വെള്ളപ്പൊക്കം	1249·40
1996–വരൾച്ച	151·127
ആകെ	1623·997

പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലെ കേന്ദ്രവിഹിതത്തിന് പുറമെ മറ്റ് ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്ക് സഹായം

16 [1571] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം നാശനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ കേന്ദ്രത്തിൽനിന്നും ലോകബാങ്കിൽനിന്നും ഏതെല്ലാം വിധത്തിൽ സഹായങ്ങൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സഹായധനത്തിൽനിന്നും 1995-ൽ വരൾച്ചയ്ക്കായി പാലക്കാട് നിയോജകമണ്ഡലത്തിൽ വിനിയോഗിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കേന്ദ്രത്തിൽനിന്നും ധനകാര്യ കമ്മീഷൻ ശുപാർശപ്രകാരമുള്ള ധനസഹായം ലഭിക്കുന്നുണ്ട്. ലോകബാങ്കിൽനിന്നും നാളിതുവരെ യാതൊരുവിധ സഹായവും ലഭിച്ചിട്ടില്ല.

(ബി) ജില്ലാടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

പാട്ടഭൂമിയുടെ നിരക്ക് വർദ്ധിപ്പിക്കുവാനും കുത്തകപ്പാട്ടം പരിഷ്ക്കരിക്കാനും നടപടി

17 [1572] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ പാട്ടഭൂമിയുടെ നിരക്ക് വർദ്ധിപ്പിക്കുവാനും കുത്തകപ്പാട്ടം പരിഷ്ക്കരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly